LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം വിഭാഗം

*903. [1286] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഒ ആൻഡ് എം (ഓർഗനൈസേഷനും മെതേഡ്സും) വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണ് ;

(ബി) ഈ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്നും അവരുടെ ശമ്പളസ്കെയിൽ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം ഒരു അധികപ്പറ്റാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ, ബി) വിശദവിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്*.

(സി) ഇല്ല.

വനങ്ങളിൽനിന്നുമുള്ള തടി മോഷണം

*904. [1288] ശ്രീ. കെ. ഐ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

വനങ്ങളിൽനിന്നുള്ള തടിമോഷണം തടയുവാൻ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ:)

വനങ്ങളിൽനിന്നും തടി മോഷ്ടിക്കുന്നതു കണ്ടുപിടിക്കുവാൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഫ്ളയിംഗ് സ്കാഡിനെ നിയമിച്ചിട്ടുണ്ട്. ഓരോ ഡിവിഷനിലുള്ള ഫ്ളയിംഗ് സ്കാഡ് അതാതു ഡിവിഷനിലെ തടി മോഷണം തടയുവാൻ ഫലപ്രദമായ നടപടികളെടുക്കുന്നുണ്ട്. കൂടാതെ പരാതികൾ കിട്ടുമ്പോൾ ഗവൺമെന്റുതന്നെ അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

വളം സബ്സിഡിയും, പമ്പുസെറ്റ് സബ്സിഡിയും

*905 [1291] ശ്രീ. കെ. സി. സഖറിയ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

നിറുത്തൽ ചെയ്യപ്പെട്ട വളം സബ്സിഡിയും പമ്പുസെറ്റ് സബ്സിഡിയും, കർഷകരുടെ രക്ഷയേയും, കൃഷിക്കാരുടെ അഭിവൃദ്ധിയേയും മുൻനിറുത്തി, പുനഃസ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

ഇല്ല.

തൊഴിലില്ലായ്മ

*906. [1293] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരുടെയും സാങ്കേതിക പരിശീലനം നേടിയവരുടെയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വല്ല പദ്ധതിയും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

* Appendix—I